പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *368

12/05/2017 ൽ മറുപടിയ്ക്ക്

## കല്ലുമാവ് കൃഷി പ്രോത്സാഹനത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ടി.ബൽറാം | ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ<br>( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കല്ലുമാവ് കൃഷി പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് ; | (എ) | സംസ്ഥാനത്ത് കല്ലുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ കല്ലുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) രൂപീകരിച്ചിട്ടുണ്ട്. താല്പര്യമുള്ള കർഷകർക്കും സ്ഥാപന ങ്ങൾക്കും സൗജന്യമായി ഗ്രാഫ്റ്റ് തൈകൾ കൊടുക്കുക, **കല്ലുമാവ് പുതുകൃഷി** സ്കീമിൽപെട്ട് തൈ ലഭിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുക, **കല്ലുമാവ്തോട്ടം** സ്കീമിൽപ്പെട്ടവർക്ക് നിലം ഒരുക്കാനായി പ്രത്യേക സാമ്പത്തിക സഹായം നൽകുക, കല്ലുമാവ് കർഷകരുടെ കൂട്ടായ്മ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദി ഒരുക്കുക, കല്ലുമാവിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാൻ തയ്യാറായി വരുന്നവർക്ക് സഹായം നൽകുക, കല്ലുമാവ് കർഷകർക്കായി ബോധവൽക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുക, സ്കൂൾ കുട്ടികൾ, റസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് കല്ലുമാവ് കൃഷിയിൽ താല്പര്യമുണ്ടാക്കാനായി സൗജന്യ തൈ വിതരണം ചെയ്യുക എന്നീ കാര്യങ്ങൾ പ്രധാനമായും കല്ലുമാവ് കൃഷി വികസന ഏജൻസി വഴി ചെയ്തു വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുമായി ചർച്ച നടത്തി അതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഴ്സ് അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഹെക്ടർ സ്ഥലത്ത് പുതിയതായി കശുമാവ് കൃഷി ആരംഭിച്ചു ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ 6,62,560 തൈകൾ കശുമാവ് കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് നേരിട്ടും സ്ഥാപനങ്ങൾ വഴിയും വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം ഏകദേശം 3312.8 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നതിനാവശ്യമായ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കശുമാവ് കൃഷി വികസന ഏജൻസി ഇതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വിശദമാക്കുമോ? | (സി) | വിതരണം ചെയ്യുന്ന തൈകൾ നട്ടുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഒരു സമ്മതപത്രം കർഷകരിൽ നിന്നും അപേക്ഷയോടൊപ്പം വാങ്ങുന്നു. സബ്സിഡി അർഹമായ പദ്ധതികളിൽ സബ്സിഡി നൽകുന്നതിനു മുൻപ് തൈകളുടെ പരിപാലനം ഉറപ്പു വരുത്തുന്നു. കൂടാതെ കർഷകർക്ക് തൈകളുടെ പരിചരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ഫീൽഡ് സ്റ്റാഫിന് ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ